## കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് (ന്യൂനപക്ഷ സെൽ) - സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

സ:ഉ: (കൈ) നം. 278/2008/പൊഭവ. തീയതി, തിരുവനന്തപുരം, 16. 8.2008.

---

പരാമർശം: 6.5.2008-ാം തീയതിയിലെ ജി.ഒ(എം.എസ്) നം. 148/08/പൊഭവ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്, പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷസെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

2. പാലൊളി കമ്മിറ്റി ശുപാർശകളിൽ തുടർന്ന് നടത്തേണ്ട നടപടികളുടെ ഭാഗമായി താഴെ പറയുന്നവ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. മുസ്ലീം പെൺകുട്ടികൾക്ക് ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ പ്രതിവർഷം യഥാക്രമം 3000, 4000, 5000 രൂപ നിരക്കിൽ മൊത്തം 5000 സ്കോളർഷിപ്പുകൾ അനുവദിക്കുന്നതാണ്. ഈ പരിപാടി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്നതാണ്.

ii. മുസ്ലീം പെൺകുട്ടികൾക്ക് ഹോസ്റ്റലിൽ താമസിച്ച് കോളേജുകളിൽ പഠിക്കുന്നതിനും മത്സര പരീക്ഷകൾക്ക് പഠിക്കുന്നതിനും മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതാണ്

iii പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി നടത്തി വരുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ മാതൃകയിൽ സംസ്ഥാനത്ത് അഞ്ച് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി. ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ നൽകുന്നത്. സർക്കാർ കോളേജുകൾ / വിദ്യാലയങ്ങൾ എന്നിവകളിൽ ഇതിനായി സ്ഥല സൗകര്യം കണ്ടെത്തേണ്ടതാണ്. തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ/കാസറഗോഡ് എന്നീ ജില്ലകളിൽ സ്ഥല സൗകര്യം കണ്ടെത്തിയെടുത്ത് ടി കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

iv. മദ്രസ്സാദ്ധ്യാപകർക്ക് അദ്ധ്യാപകരുടെയും മദ്രസ്സകളുടെയും വിഹിതത്തോട് വഖഫ് ബോർഡിന്റെ വിഹിതവും ചേർന്ന് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന മദ്രസ്സാ അദ്ധ്യാപകർ, അവരെ നിയമിക്കുന്ന മദ്രസ്സ/ പള്ളി കമ്മറ്റികൾ എന്നിവയുടെ പ്രതിമാസ വിഹിതം, സംസ്ഥാന വഖഫ് ബോർഡിൽ നിന്ന് ലഭിക്കാവുന്ന പ്രതിവർഷ സഹായം എന്നിവ വഴി ക്ഷേമനിധി ഫണ്ട് സ്വരൂപിക്കേണ്ടതാണ്. ഇതിന്റെ നടത്തിപ്പിനായി സർക്കാർ പ്രഖ്യാപിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തുടക്ക ധനമായി ഈ വർഷം രണ്ട് കോടി രൂപ നൽകുന്നതാണ്. ക്ഷേമനിധി പെൻഷൻ നടത്തിപ്പിനായി ഒരു മാനേജർ, ഒരു അക്കൗണ്ടന്റ്, രണ്ട് അസിസ്റ്റന്റുമാർ, ഒരു പ്യൂൺ എന്നിവരടങ്ങുന്ന ഒരു സംവിധാനം രൂപീകരിക്കുന്നതാണ്. സംസ്ഥാന വഖഫ് ബോർഡ് ആസ്ഥാനത്ത് ക്ഷേമനിധിയുടെ ആസ്ഥാനംകൂടി പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്.

v. നിലവിൽ പ്രവർത്തനം ആരംഭിച്ച ന്യൂനപക്ഷ സെൽ സംസ്ഥാനതല പ്രവർത്തനങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും നിർവ്വഹിക്കുന്നതാണ്. ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കളക്ടറേറ്റുകളിൽ

ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം പതിനാല് ജില്ലകളിലും സൃഷ്ടിക്കുന്നതാണ്.

3. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബജറ്റിൽ ജൂലൈ, 2008-ലെ ഉപധനാഭ്യർത്ഥന വഴി 2225-03-800-93 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പത്ത് കോടി രൂപ ടി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

4. മേൽപ്പറഞ്ഞിട്ടുള്ള പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ചുള്ള വിശദാംശങ്ങളും, മാനദണ്ഡങ്ങളും, തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവും പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. ബന്ധപ്പെട്ട ആഫീസർമാർ ഇക്കാര്യത്തിൽ ആവശ്യമായ പ്രപ്പോസലുകൾ ഉടൻ തന്നെ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.വി.പ്രഭാകരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, (അനക്സ്), സംസ്കൃത കോളേജ് ക്യാമ്പസ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി - 682017, എറണാകുളം.

പകർപ്പ്:- പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നതവിദ്യാഭ്യാസ വകുപ്പ്
റവന്യൂ വകുപ്പ്
ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
ധനകാര്യ വകുപ്പ് (12.8.2008 ലെ 62903/ WW3/08/Fin പ്രകാരം)
പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്

പൊതുഭരണ (എസ്-സി) വകുപ്പ് (30.7.2008 ലെ മന്ത്രിസഭാ
യോഗത്തിന്റെ നടപടിക്കുറിപ്പുകളിലെ 2531-ാം ഇനം പ്രകാരം)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ